2 രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എയ്ഡഡ് കോളേജുകളിലെ നിയമനവും എസ്.സി/ എസ്.ടി. സംവരണവും

4 (T *244) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിലെ നിയമനത്തിൽ എസ്.സി./എസ്.ടി സംവരണം പാലിക്കണമെന്ന ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ ശമ്പളം നൽകുന്ന എയ്ഡഡ് കോളേജുകളിലും എയ്ഡഡ് സ്കൂളുകളിലും പട്ടികജാതിക്കാരായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ എത്ര ശതമാനമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഭൂരിപക്ഷ-ന്യൂനപക്ഷ ഭേദമെന്യേ എയ്ഡഡ് കോളേജുകളിലും എയ്ഡഡ് സ്കൂളുകളിലും അദ്ധ്യാപക അനദ്ധ്യാപക നിയമനത്തിൽ സംവരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലും, ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിലും മാറ്റം വരുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ എയ്ഡഡ് കോളേജ് മാനേജർമാരുമായി വീണ്ടും ഒരു ചർച്ചയും നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിച്ച് ഹൈക്കോടതി വിധി സമയ പരിധിയുള്ളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ആകെ എണ്ണം	- 6802
പട്ടികജാതി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം	- 49 (0.72%)
പട്ടിക വർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം	- 5(0.07%)
അനദ്ധ്യാപകരുടെ എണ്ണം	- 3574
പട്ടികജാതി വിഭാഗത്തിൽപ്പെട്ട അനദ്ധ്യാപകരുടെ എണ്ണം	- 39 (1.09%)
പട്ടികവർഗ്ഗത്തിൽപ്പെട്ട അനദ്ധ്യാപകരുടെ എണ്ണം	- 6 (0.16%)
എയ്ഡഡ് സ്കൂളുകളിലെ പട്ടികജാതിക്കാരായ അദ്ധ്യാപകരുടെ എണ്ണം	- 380 (0.38%)
എയ്ഡഡ് സ്കൂളുകളിലെ പട്ടികജാതിക്കാരായ അനദ്ധ്യാപകരുടെ എണ്ണം	- 165 (2%)

(സി) എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലും, ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിലും മാറ്റം വരുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ എയ്ഡഡ് കോളേജ് മാനേജർമാരുമായി വീണ്ടും ചർച്ച നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിച്ച് ഹൈക്കോടതി വിധി സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ സംവരണം അനുവദിക്കുവാൻ നിലവിൽ കെ.ഇ.ആർ.-ൽ വ്യവസ്ഥയില്ല. അതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാർത്ഥികളിൽ കരിയർ അവബോധം

5 (*245) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളിൽ കരിയറിനെക്കുറിച്ച് അവബോധം വളർത്തുന്നതിനും പ്രാഥമിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ച് ഹയർ സെക്കൻഡറി തലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly